(ബി) ഏതെല്ലാം മരുന്നുകളും സാമഗ്രികളും വാങ്ങിയതിലാണ് അഴിമതി നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടത്;

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ജനറൽ മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നുണ്ടോ;

(ഡി) ഇതിൽ സുനാമി ദുരന്ത ബാധിതർക്ക് നൽകുവാനായി മരുന്നു കമ്പനികൾ സൗജന്യമായി നൽകിയ മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*):

(എ) 2002-2003 കാലയളവിൽ പേ വിഷബാധയ്ക്കെതിരായ കുത്തിവയ്പിനുള്ള വാക്സിൻ, ഹെപ്പറ്റൈറ്റിസ് വാക്സിൻ എന്നിവ വാങ്ങിയതിൽ അഴിമതി നടന്നതായി പത്രമാദ്ധ്യമങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പേ വിഷബാധയ്ക്കെതിരായ വാക്സിൻ, ഹെപ്പറ്റൈറ്റിസ് വാക്സിൻ എന്നിവ വാങ്ങിയതിൽ അഴിമതി നടന്നിട്ടുള്ളതായി ആരോപണം ഉയരുകയും അവയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി വരികയുമാണ്.

(സി) ഇല്ല.

(ഡി) സുനാമി ദുരിതബാധിതർക്ക് നൽകുവാനായി സൗജന്യമായി ലഭിച്ച മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

കുടുംബശ്രീ പദ്ധതി

*17 [17] *ശ്രീ. സ്റ്റീഫൻ ജോർജ്:*

„ *ജോസഫ് എം. പുതുശ്ശേരി:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ പദ്ധതിയിലൂടെ നടപ്പാക്കിയിട്ടുള്ള സേവന പദ്ധതികൾ വിശദമാക്കാമോ;

(ബി) അടിസ്ഥാന വർഗ്ഗത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായി 'കുടുംബശ്രീ'യിലൂടെ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്വേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*):

(എ) കുടുംബശ്രീയിലൂടെ നടപ്പിലാക്കിവരുന്ന സേവന പദ്ധതികളെ പൊതുവായി രണ്ടായി തരം തിരിക്കാം.

(1) സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ ദരിദ്ര കുടുംബങ്ങളിലെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനായി നടപ്പാക്കുന്ന സേവന പദ്ധതികൾ.

(2) ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ നടപ്പാക്കുന്ന മൈക്രോ സംരംഭ പ്രോജക്ടുകളിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവന പദ്ധതികൾ (Service sector projects).

ഒന്നാമത്തെ വിഭാഗത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു:

(1) കുടുംബശ്രീ സംഘടനാ സംവിധാനം
(2) ആശ്രയ-അഗതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി
(3) മിതവ്യയ സമ്പാദ്യ വായ്പാ പരിപാടി
(4) ലിങ്കേജ് ബാങ്കിംഗ് പദ്ധതി
(5) ലീസ് ലാന്റ് ഫാമിംഗ് പ്രോഗ്രാം
(6) ഭവനശ്രീ
(7) ആരോഗ്യ സുരക്ഷാ പരിപാടി
(8) യുവശ്രീ-50,000 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പരിപാടി
(9) മൈക്രോ സംരംഭ വികസനം
(10) ബാലസഭാ വെക്കേഷൻ ക്ലാസുകൾ
(11) ബഡ്സ്-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്കൂൾ.

രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രധാനപ്പെട്ട സംരംഭങ്ങൾ താഴെ കൊടുക്കുന്നു:

(1) ഖരമാലിന്യ മാനേജ്മെന്റ് സംരംഭം (ക്ലീൻ കേരള ബിസിനസ്)
(2) മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്
(3) കാറ്ററിംഗ് സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

(4) സാന്ത്വനം – ഹെൽത്ത് സ്ക്രീനിംഗ് എന്റർപ്രൈസ്

(5) തെങ്ങുകയറ്റ പരിശീലനം

(6) വിദ്യാശ്രീ–ഐ. റ്റി. സ്കൂൾ പ്രോഗ്രാമിന്റെ ഭാഗമായുള്ള സംരംഭം

(7) ഐ. റ്റി. യൂണിറ്റുകൾ

(8) വിദേശ രാജ്യങ്ങളിൽ ഗൃഹവ്യത്തിക്കായി പോകുന്ന സ്ത്രീകൾക്ക് നൽകുന്ന വിദഗ്ദ്ധ പരിശീലനം.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ അംഗങ്ങളായ ദരിദ്ര കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനായി ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു:

(1) കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ,

(2) ലിങ്കേജ് ബാങ്കിംഗ് പരിപാടി കൂടുതൽ വ്യാപിപ്പിക്കൽ,

(3) ആശ്രയ അഗതി പുനരധിവാസ പരിപാടി 350 ഗ്രാമ പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കൽ,

(4) 50,000 യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ പദ്ധതി നടപ്പാക്കൽ,

(5) ഭവനശ്രീ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കൽ,

(6) ലീസ് ലാന്റ് ഫാമിംഗ് കൂടുതൽ ഫലപ്രദമായി നടപ്പാക്കൽ,

(7) എല്ലാ പഞ്ചായത്തുകളിലും ബാദ്ധ്യസഭകൾ രൂപീകരിക്കൽ.

സ്മാർട്ട് സിറ്റി പദ്ധതി

*18 [18] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ പ്രോജക്ടുകൊണ്ട് കേരളത്തിനുള്ള വികസന സാദ്ധ്യതകൾ എന്തൊക്കെയാണെന്നറിയിക്കാമോ?

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*):

(എ) കേരള സർക്കാരിന്റെയും ഡി.ഐ.സി. യുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോപാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ.ടി. പാർക്ക് വികസനത്തിനായുള്ള ഒരു പദ്ധതിയാണ് സ്മാർട്ട് സിറ്റി പ്രോജക്ട്. ഈ പാർക്കിനുള്ളിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly